മുല്ലപ്പെരിയാർ ഡാമിൽ ജലനിരപ്പ് ഉയരുന്നതുമൂലമുള്ള ഭീഷണി

175 (T*4461) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് ഉയരുന്നതുമൂലം ആവാസ വ്യവസ്ഥയ്ക്കുണ്ടായ വ്യതിയാനം നിരീക്ഷിക്കുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

മുല്ലപ്പെരിയാർ ഡാമിന്റെ ജലനിരപ്പ് ഉയരുന്നതുമൂലം ആവാസ വ്യവസ്ഥയ്ക്കുണ്ടാകുന്ന വ്യതിയാനം പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനിലെ ഇക്കോളജിസ്റ്റിന്റെ നേതൃത്വത്തിൽ നിരീക്ഷിച്ചുവരുന്നു.

ജലസംരക്ഷണത്തിനായി നടപടികൾ

176 (4462) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലസംരക്ഷണത്തിനായി ഈ സർക്കാർ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദീകരിക്കാമോ;

(ബി) പ്രസ്തുത കാര്യത്തിനായി നാളിതുവരെ പാലക്കാട് ജില്ലയിൽ എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തെ നദികളും കുളങ്ങളും വർദ്ധിച്ച തോതിൽ മലിനപ്പെട്ട കാര്യം ശ്രദ്ധയിലുണ്ടോ;

(ഡി) ഏറ്റവും കൂടുതൽ കുളങ്ങൾ മലിനപ്പെട്ടത് പാലക്കാട് ജില്ലയിലാണെന്ന കാര്യം ശ്രദ്ധയിലുണ്ടോ; ഉണ്ടെങ്കിൽ മലിനീകരണം ഒഴിവാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; അതിനായി എത്ര രൂപ ചെലവഴിച്ചു?

ഉത്തരം

(എ) ജലസേചന വകുപ്പ്

ജല സംരക്ഷണം ലക്ഷ്യമിട്ട് നദീതട/നീർത്തട അടിസ്ഥാനത്തിൽ കുളങ്ങളുടെ നവീകരണവും സംഭരണശേഷി വർദ്ധിപ്പിക്കലും പദ്ധതികൾ നടപ്പിലാക്കിവരുന്നു. "ഒരു പഞ്ചായത്തിൽ ഒരു കുളം പദ്ധതി" , "കുളം നവീകരണ-പുനരുദ്ധാരണ

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly